നം:ICDS.A7- 4128/16

സാമൂഹ്യ നീതി ഡയറക്ടറേറ്റ്(അനക്സ്)
സാമൂഹ്യക്ഷേമ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം. തീയതി : 17.04.2017.

സാമൂഹ്യനീതി ഡയറക്ടർ

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും,

സർ,

വിഷയം :- സാമൂഹ്യ നീതി വകുപ്പ് - ഐ.സി.ഡി.എസ്.- MGNREGS മായി ചേർന്നുള്ള അങ്കണവാടി കെട്ടിടനിർമ്മാണം - പ്രൊപ്പോസൽ സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1. 2016-17 സാമ്പത്തികവർഷത്തെ APIP പദ്ധതി.
2. സാമൂഹ്യ നീതി ഡയറക്ടറുടെ 30.3.2017 തീയതിയിലെ ICDS A7-16237/15 നമ്പർ ഉത്തരവ്

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2016-17 സാമ്പത്തികവർഷം GOI യുടെ APIP പ്രകാരം MGNREGS മായി ചേർന്ന് 1000 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിന് ഒരു അങ്കണവാടിക്ക് 5 ലക്ഷം രൂപ MGNREGS ഉം 2 ലക്ഷം രൂപ കേന്ദ്രഗവൺമെന്റും ( 60 : 40 ), ശേഷിക്കുന്ന തുക ബന്ധപ്പെട്ട LSGD ഉം വഹിയ്ക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

MGNREGS പ്രകാരം അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നിർമ്മാണ ഏജൻസി MGNREGS മിഷനായതിനാൽ ഫണ്ട് വിനിയോഗിക്കുന്നത് MGNREGS മിഷൻ ഡയറക്ടർ മുഖേനയാണ്. ആയതിനാൽ ടി പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷം അനുവദിച്ച കെട്ടിടങ്ങൾ ആദ്യഘട്ടമായി അനുവദിച്ച 720 കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് വകുപ്പ് വിഹിതമായ 14.40 കോടി രൂപ MGNREGS

TSS/-

PDF processed with CutePDF evaluation edition www.CutePDF.com

മിഷൻ ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള TSB A/c - ൽ സൂചന (2) ലെ ഉത്തരവ് പ്രകാരം നിക്ഷേപിച്ചിട്ടുണ്ട്.

ടി സാഹചര്യത്തിൽ ടി പദ്ധതിയിലുൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിന് സ്വന്തമായി സ്ഥലം ലഭ്യമായതും, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തീരുമാനവും ഉൾപ്പെടെയുള്ള പ്രൊപ്പോസൽ **28.4.2017 ന്** മുമ്പായി ഈ കാര്യാലയത്തിൽ സമർപ്പിക്കുവാൻ നിർദ്ദേശിക്കുന്നു. കെട്ടിടനിർമ്മാണം അടിയന്തിരമായി ആരംഭിച്ച് പൂർത്തീകരിക്കേണ്ടതായിട്ടുള്ളതിനാൽ സമയക്രമം പാലിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

സാമൂഹ്യ നീതി ഡയറക്ടർക്കുവേണ്ടി

എല്ലാ സിഡിപിഒ മാർക്കും

TSS/-